# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം

അതിരൂപതാ ശിശു സുരക്ഷാ പെരുമാറ്റച്ചട്ടം (Child Safety Code of Conduct) വിവിധ പരിപാടികളിലും പ്രവർത്തനങ്ങളിലും ഇവന്റുകളിലും ഏർപ്പെട്ടിരിക്കുന്ന കുട്ടികളുമായും ചെറുപ്പക്കാരുമായും ഇടപഴകുന്നതിൽ പുരോഹിതന്മാരുടെയും ജീവനക്കാരുടെയും സന്നദ്ധപ്രവർത്തകരുടെയും പക്കൽ നിന്നു പ്രതീക്ഷിക്കപ്പെടുന്ന ഉചിതമായ പെരുമാറ്റം വ്യക്തമാക്കിക്കൊണ്ട് പോസിറ്റീവും മാന്യവും സുരക്ഷിതവുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുന്നു.

ഈ ശിശു സുരക്ഷാ പെരുമാറ്റച്ചട്ടം ഓരോ കുട്ടിക്കും അല്ലെങ്കിൽ ചെറുപ്പക്കാരനും 'ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഒരു അതുല്യമായ മൂല്യമുണ്ട്', എന്നും സംരക്ഷണത്തിന് അർഹരാണ് എന്നുമുള്ളതിനെ ഞങ്ങൾ അംഗീകരിക്കുന്നതിനെ പ്രതിഫലിപ്പിക്കുന്നു (പ്രായപൂർത്തിയാകാത്തവരുടെ സംരക്ഷണത്തിനായുള്ള പോന്തിഫിക്കൽ കമ്മീഷൻ 2016 (Pontifical Commission for the Protection of Minors 2016)).

ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പ്രവർത്തനങ്ങളിൽ പങ്കെടുക്കുമ്പോൾ, പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർ കുട്ടികളെയും യുവാക്കളെയും എല്ലായ്പ്പോഴും ദുരുപയോഗത്തിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കുന്ന രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ട്.

മെൽബൺ കത്തോലിക്കാ അതിരൂപതയ്ക്കുള്ളിൽ (Catholic Archdiocese of Melbourne) കുട്ടികളുടെയും ചെറുപ്പക്കാരുടെയും ഇടയിൽ പ്രവർത്തിക്കുന്ന പുരോഹിതന്മാർ, ജീവനക്കാർ, ശുശ്രൂഷയിലുള്ള സന്നദ്ധസേവകർ എന്നിവർക്ക് എല്ലാ കുട്ടികളുടെയും ചെറുപ്പക്കാരുടെയും ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് തങ്ങൾ വ്യക്തിപരമായും കൂട്ടായും വഹിക്കുന്ന സുപ്രധാനമായ പങ്ക് മനസിലാക്കേണ്ട ഉത്തരവാദിത്തമുണ്ട്

## കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ട പ്രഖ്യാപനം (SAFEGUARDING CHILDREN AND YOUNG PEOPLE CODE OF CONDUCT DECLARATION)

**കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ട പ്രഖ്യാപനം** പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും അവരിൽ നിന്നു പ്രതീക്ഷിക്കുന്ന പ്രവർത്തനരീതികളെയും പെരുമാറ്റത്തെയും കുറിച്ച് വായിക്കുകയും മനസ്സിലാക്കുകയും ചെയ്തു എന്നും പെരുമാറ്റച്ചട്ടം അനുവർത്തിക്കാൻ സമ്മതിച്ചു എന്നുമുള്ളത് അംഗീകരിക്കലാണ്.

പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും അവരുടെ പ്രവർത്തനാരംഭത്തിൽ **കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ട പ്രഖ്യാപനം** ഒപ്പിടേണ്ടത് ആവശ്യമാണ്.

സന്നദ്ധപ്രവർത്തകർ ഓരോ മൂന്നു വർഷത്തിലും പ്രഖ്യാപനം വീണ്ടും ഒപ്പിടേണ്ടത് ആവശ്യമാണ്.

പുരോഹിതന്മാരും ജീവനക്കാരും ഓരോ വർഷവും പ്രഖ്യാപനം വീണ്ടും ഒപ്പിടേണ്ടത് ആവശ്യമാണ്

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം

ശിശു സുരക്ഷാ പരിശീലനം (ഈ നയത്തിന്റെ 'സംരക്ഷിക്കൽ പരിശീലനം' സെക്ഷൻ കാണുക) എല്ലാ പുരോഹിതന്മാർക്കും ജീവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കും വർഷം തോറും ആവശ്യമാണ്

## പ്രതീക്ഷകൾ

**ഒരിക്കലും ഒറ്റയ്ക്കാവരുത് എന്ന നിയമം**

പുരോഹിതന്മാരും ജോലിക്കാരും സന്നദ്ധപ്രവർത്തകരും മറ്റാരുടെയും മേൽനോട്ടമില്ലാതെ തങ്ങൾ കുട്ടികളുമായും ചെറുപ്പക്കാരുമായും ഒറ്റയ്ക്കായിരിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കണം. കുട്ടികളുമായും ചെറുപ്പക്കാരുമൊത്തുള്ള പ്രവർത്തനങ്ങളും കൂടാതെ / അല്ലെങ്കിൽ ചർച്ചകളും മറ്റുള്ളവർ കാൺകെയാണ് നടത്തേണ്ടത്.

**മേൽനോട്ടം**

കുട്ടികളും ചെറുപ്പക്കാരും അവരുടെ മാതാപിതാക്കളോ രക്ഷിതാക്കളോ, ഇല്ലാതെ പങ്കെടുക്കുമ്പോൾ, കുട്ടികൾക്കും ചെറുപ്പക്കാർക്കുമായി പരിപാടികളും പ്രവർത്തനങ്ങളും ഇവന്റുകളും നടത്തുന്ന പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് അവരെ സജീവമായി മേൽനോട്ടം വഹിക്കുന്നതിന്റെ ഉത്തരവാദിത്തമുണ്ട്.

**ലൈംഗിക ചൂഷണം / ദുരുപയോഗം**

അതിരൂപതാ ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളോടോ ചെറുപ്പക്കാരുടെ നേർക്കുള്ള അല്ലെങ്കിൽ അവരുടെ സാന്നിധ്യത്തിലുള്ള ഏത് തരത്തിലുള്ള ലൈംഗിക പ്രവൃത്തികളും നിരോധിച്ചിരിക്കുന്നു. ഒരു കുട്ടിയെയോ ചെറുപ്രായത്തിലുള്ള വ്യക്തിയെയോ ഏതെങ്കിലും തരത്തിലുള്ള ലൈംഗിക പ്രവൃത്തികളിൽ ഏർപ്പെടാനോ അതിനുള്ള സാഹചര്യത്തിലാക്കാനോ ഒരു വ്യക്തി കരുത്ത്, ബലപ്രയോഗം അല്ലെങ്കിൽ അധികാരം പ്രയോഗിക്കുമ്പോളാണ് ലൈംഗിക പീഡനം നടക്കുന്നത്.

ലൈംഗിക പെരുമാറ്റം എന്നതിൽ ലൈംഗിക സ്വഭാവത്തിലുള്ളതെന്ന ന്യായമായും പരിഗണിക്കപ്പെടാവുന്ന ചുവടെ പറയുന്നവ ഉൾപ്പെടെയുള്ളതും എന്നാൽ അവയിൽ മാത്രമായി പരിമിതപ്പെട്ടിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ മുഴുവൻ ശ്രേണിയും ഉൾക്കൊള്ളുന്നു:

- ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക, ചുംബിക്കുക, തലോടുക പോലെയുള്ള സമ്പർക്ക പെരുമാറ്റം അല്ലെങ്കിൽ ലൈംഗിക നുഴഞ്ഞുകയറ്റം അല്ലെങ്കിൽ വേശ്യാവൃത്തിയിലൂടെ ഒരു കുട്ടിയെ ചൂഷണം ചെയ്യുക അല്ലെങ്കിൽ കുട്ടികളെ ചൂഷണം ചെയ്യുന്ന സാമഗ്രികൾ (അതായത് കുട്ടികളും യുവാക്കളും ഉൾപ്പെടുന്ന അശ്ലീലചിത്രങ്ങൾ) നിർമ്മിക്കുക
- ശൃംഗരിക്കുക, ലൈംഗികമായി സ്പഷ്ടമായ ചർച്ചയിൽ ഏർപ്പെടുക, ലൈംഗിക വ്യംഗ്യോക്തികൾ പ്രയോഗിക്കുക, അനുചിതമായ ടെക്സ്റ്റ് സന്ദേശമയയ്ക്കൽ, അനുചിതമായ ഫോട്ടോഗ്രാഫി, അനുചിതമായ ഓൺലൈൻ ഉള്ളടക്കം അല്ലെങ്കിൽ അസഭ്യചിത്രം അല്ലെങ്കിൽ നഗ്നത പ്രദർശിപ്പിക്കൽ എന്നിങ്ങനെയുള്ള സമ്പർക്കരഹിത പെരുമാറ്റം

- കുട്ടികളെയോ ചെറുപ്പക്കാരെയോ ലൈംഗിക പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതിനായി തയ്യാറാക്കൽ (ഉദാ. പക്ഷപാതം, സമ്മാനം നൽകൽ, ഒരു കുട്ടിയുമായോ ചെറുപ്രായത്തിലുള്ള വ്യക്തിയുമായോ 'രഹസ്യ' സമ്പർക്കം, പരുഷമായി പെരുമാറുക, അമിതമായ വാത്സല്യം മുതലായവ).

**ശാരീരിക സമ്പർക്കം**

ശിശു സുരക്ഷിതമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നതിനർത്ഥം കുട്ടികളുമായും ചെറുപ്രായത്തിലുള്ളവരുമായും ഒരുതരത്തിലുമുള്ള ശാരീരിക സമ്പർക്കവും പുലർത്തരുത് എന്നല്ല. കുട്ടികളും ചെറുപ്പക്കാരുമൊത്ത് പ്രവർത്തിക്കുമ്പോൾ, ഉചിതമായതും അനാവശ്യ നുഴഞ്ഞുകയറ്റമില്ലാത്തതുമായ ശാരീരിക സമ്പർക്കം ഉണ്ടാകാം ഉദാ. കായിക വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ, പ്ലേഗ്രൂപ്പിൽ ഒരു കുഞ്ഞിനെ എടുക്കുക, പ്രഥമശുശ്രൂഷ നൽകുക, അല്ലെങ്കിൽ ഒരു പ്രാർത്ഥനാ സമയത്ത് കൈ കോർത്ത് പിടിക്കുക.

ഉചിതമായതും അനുചിതമായതുമായ ശാരീരിക സമ്പർക്കത്തിന്റെ സാദ്ധ്യതയുള്ള എല്ലാ സംഭവങ്ങളും വിവരിക്കുക എന്നത് അസാധ്യമാണെങ്കിലും, ഉചിതമായ സമ്പർക്കം എന്നതിനെ നിർവചിക്കാൻ ഇനിപ്പറയുന്ന തത്വങ്ങൾ സഹായിച്ചേക്കാം.

പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർ:

- യുക്തിഭദ്രതയുള്ള ഒരു വ്യക്തി അനാവശ്യ നുഴഞ്ഞുകയറ്റമില്ലാത്തതെന്നും സന്ദർഭത്തിന് അനുയോജ്യമായതെന്നും കരുതുന്നതുമായ ശാരീരിക സമ്പർക്കത്തിൽ ഏർപ്പെടുക, (ഉദാ. ഹൈ ഫൈവ്, തോളിൽ തട്ടുക, റോഡ് മുറിച്ചുകടക്കാൻ ഒരു കൊച്ചുകുട്ടിയുടെ കൈ പിടിക്കുക, ദുഃഖിതനായ ഒരു ചെറുപ്രായത്തിലുള്ള ഒരു വ്യക്തിയുടെ കഴുത്തിലൂടെ കൈയ്യിടുക)
- പ്രവർത്തനത്തിന്റെ അല്ലെങ്കിൽ പരിപാടിയുടെ അതിർത്തികളുമായി പൊരുത്തമുള്ള വിധത്തിൽ കുട്ടിയുടെ അല്ലെങ്കിൽ ചെറുപ്രായത്തിലുള്ള വ്യക്തിയുടെ ആവശ്യങ്ങളോടുള്ള പ്രതികരണത്തിൽ ദൃഢബദ്ധമായ സമ്പർക്കം (ഉദാ. വീണുപോയ ഒരു കുട്ടിയെ എടുക്കുക, ഒരു കുട്ടിക്ക് പരിക്കേൽക്കുമ്പോൾ പ്രഥമശുശ്രൂഷ നൽകുക, വിഷമത്തിലായ കുട്ടിയെ ആശ്വസിപ്പിക്കുക, കുട്ടിയുടെ അനുമതിയോടെ കായിക ഉപകരണങ്ങൾ ക്രമീകരിക്കുക).

പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർ:

- ശാരീരിക സമ്പർക്കത്തിൽ ഏർപ്പെടുമ്പോൾ കുട്ടിയോട് അല്ലെങ്കിൽ ചെറുപ്രായത്തിലുള്ള വ്യക്തിയോട് തങ്ങൾ ചെയ്യുന്നതെന്താണെന്ന് വിശദീകരിക്കുകയും എന്തെങ്കിലും സമ്പർക്കം ഉണ്ടാകുന്നതിന് മുമ്പായി അവരുടെ അനുമതി തേടുകയും ചെയ്യുക (ഉദാ. "നിങ്ങളുമൊത്ത് പ്രാർത്ഥിക്കാൻ എനിക്ക് നിങ്ങളുടെ തോളിൽ കൈ വയ്ക്കാമോ?")
- ശാരീരിക സമ്പർക്കത്തിൽ ഒരു കുട്ടി അസ്വസ്ഥനാ(യാ)ണെന്നതിന്റെ സൂചനകളെ ബഹുമാനിക്കുക (ഉദാ. ഒരു കുട്ടി മാറിപ്പോകുകയോ അല്ലെങ്കിൽ അവരുടെ നോട്ടം മാറ്റുകയോ, ഇഷ്ടമില്ലായ്മ കാണിക്കുകയോ ചെയ്യുക).
- വ്യത്യസ്ത സംസ്കാരങ്ങളിൽ നിന്നുള്ള കുട്ടികളുമായും ചെറുപ്പക്കാരുമായുള്ള

ശാരീരിക സമ്പർക്കത്തിൽ അവരുടെ സാംസ്കാരിക സംവേദനക്ഷമതകളെ ബഹുമാനിക്കുക. ശാരീരിക സമ്പർക്കവുമായി ബന്ധപ്പെട്ട സാംസ്കാരിക സമ്പ്രദായങ്ങളും രീതികളും ഗണ്യമായി വ്യത്യാസപ്പെടുന്നു, അത് മനസ്സിലാക്കേണ്ടത് ആവശ്യമാണ് ഉദാ. ചില സംസ്കാരങ്ങളിൽ ഒരു കുട്ടിക്ക് മുതിർന്നയാളുമായി കൈകോർത്തത് ഉചിതമായിരിക്കും, അതേസമയം മറ്റ് സാംസ്കാരിക ഗ്രൂപ്പുകളിൽ, ബന്ധമില്ലാത്ത ഒരു മുതിർന്നയാളുമായോ അല്ലെങ്കിൽ വ്യത്യസ്ത ലിംഗത്തിലുള്ള മുതിർന്നവരുമായോ ശാരീരിക സമ്പർക്കം അനുവദനീയമല്ല.

- വൈകല്യമുള്ള കുട്ടികളുടെയും ചെറുപ്രായത്തിലുള്ളവരുടെയും കഴിവുകളെ ബഹുമാനിക്കുക (ഉദാ. വൈകല്യമുള്ള ചെറുപ്രായത്തിലുള്ള ഒരു വ്യക്തിയോട് താങ്കൾ സഹായം ആഗ്രഹിക്കുന്നുണ്ടോ എന്ന് ചോദിച്ച് അവരുടെ സ്വാതന്ത്ര്യത്തെ മാനിക്കുക).

പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും ചുവടെ പറയുന്ന വിധത്തിലുള്ള ശാരീരിക സമ്പർക്കം ഒഴിവാക്കണം:

- മെഡിക്കൽ അടിയന്തിര സാഹചര്യങ്ങളിലൊഴികെ വായ, അരക്കെട്ട്, ജനനേന്ദ്രിയം, നിതംബം, സ്തനങ്ങൾ എന്നിവയിലേക്കുള്ള സമ്പർക്കം (ഉദാ. ഒരു ഡിഫിബ്രില്ലേറ്റർ ഉപയോഗിക്കുമ്പോൾ, വായിൽ നിന്ന് വായിലേക്ക് ശ്വാസം നൽകുമ്പോൾ)
- ജീവനക്കാരനോ സന്നദ്ധപ്രവർത്തകനോ അവരുടെ സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്വമേധയാ ചെയ്യുന്നത് (ഉദാ. കുട്ടികളെ നിരന്തരം കെട്ടിപ്പിടിക്കുന്ന അല്ലെങ്കിൽ അവർ തനിച്ചായത് കാരണം മടിയിൽ ഇരിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു സന്നദ്ധ പ്രവർത്തകൻ)
- യുക്തിഭദ്രതയുള്ള ഒരു നിരീക്ഷകന് ലൈംഗിക സ്വഭാവമുള്ളതായി കാണപ്പെട്ടേക്കാവുന്നത്
- ഒരു കുട്ടിയെയോ ചെറുപ്രായത്തിലുള്ള വ്യക്തിയെയോ വിഷമിപ്പിക്കുന്നതിനോ ഉപദ്രവിക്കുന്നതിനോ ഉദ്ദേശിച്ചുള്ളത്
- അതിൽ ക്രൂരമായപരിഹാസപൂർണ്ണമായ പെരുമാറൽ, ഗുസ്തി, അട്ടഹാസത്തോടുകൂടിയ കളി അല്ലെങ്കിൽ ഇക്കിളി എന്നിവ ഉൾപ്പെടുന്നു
- ഒരു കുട്ടിയുടെയോ ചെറുപ്രായത്തിലുള്ള വ്യക്തിയുടെയോ ആഗ്രഹങ്ങൾക്ക് എതിരെയുള്ളത്
- കുട്ടിക്കോ ചെറുപ്രായത്തിലുള്ള വ്യക്തിക്കോ സഹായം ആവശ്യമില്ലാത്ത വ്യക്തിഗത പരിചരണവുമായി ബന്ധപ്പെട്ട്
- സ്വകാര്യമായി നടക്കുന്ന കാര്യങ്ങൾ (ഉദാ. ടോയ്‌ലറ്റ് ഉപയോഗിക്കൽ, വസ്ത്രം ധരിക്കൽ, കുളി).

കുട്ടികളുമായും ചെറുപ്രായത്തിലുള്ള വ്യക്തികളുമായും അവരുടെ സുരക്ഷയെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ശാരീരിക സമ്പർക്കം നിയന്ത്രിക്കുന്നതിനുള്ള വഴികളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **വിവര ഷീറ്റ് : ശാരീരിക സമ്പർക്കം** കാണുക.

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം

**മദ്യം, മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം, കൈവശംവയ്ക്കൽ അല്ലെങ്കിൽ വിതരണം**

പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും ചുവടെപറയുന്ന കാര്യങ്ങൾ ചെയ്തിരിക്കണം.

- കുട്ടികളുടെയും ചെറുപ്രായത്തിലുള്ളവരുടെയും പരിചരണത്തിൽ ഏർപ്പെടുമ്പോഴോ അതിന് മുമ്പോ മദ്യമോ നിയമവിരുദ്ധമായ മയക്കുമരുന്നുകളോ ഉപയോഗിക്കരുത്.
- കുട്ടികൾക്കും ചെറുപ്രായത്തിലുള്ളവർക്കും പരിചരണം നൽകാനുള്ള തങ്ങളുടെ ശേഷിയെ ബാധിച്ചേക്കാവുന്ന വിധത്തിൽ കുറിപ്പടി മരുന്നുകളുടെ സ്വാധീനത്തിലായിരിക്കരുത്.
- കുട്ടികൾക്കും ചെറുപ്രായത്തിലുള്ളവർക്കും ആരോഗ്യകരമായ പുകയില-മുക്തമായ ഒരു അന്തരീക്ഷം ലഭ്യമാക്കുക (ഉദാ. ഇ-സിഗരറ്റ് ഉൾപ്പെടെ).

കുട്ടികൾക്കും ചെറുപ്രായത്തിലുള്ളവർക്കും മദ്യമോ നിയമവിരുദ്ധമായ മയക്കുമരുന്നുകളോ നൽകുന്നത് നിയമവിരുദ്ധവും കർശനമായി നിരോധിച്ചിരിക്കുന്നതുമാണ്. കുട്ടികൾക്കും ചെറുപ്രായത്തിലുള്ളവർക്കും ഔഷധങ്ങൾ നല്കുന്നതുമായി ബന്ധപ്പെട്ട മരുന്ന് നൽകൽ **(Administering Medication)** സെക്ഷൻ കാണുക

**കുട്ടികളുടെയും ചെറുപ്പക്കാരുടെയും പെരുമാറ്റത്തിന് വഴികാട്ടുന്നു (അച്ചടക്കം)**

ഞങ്ങളുടെ അതിരൂപതയിൽ എല്ലാ കുട്ടികൾക്കും ചെറുപ്പക്കാർക്കും പോസിറ്റീവ് അനുഭവം ഉണ്ടെന്ന് ഉറപ്പാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു.

കുട്ടികളുമൊത്തും ചെറുപ്പക്കാരുമൊത്തും പ്രവർത്തിക്കുമ്പോൾ, അവരുമായി സഹകരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ക്രമീകരിക്കുന്നത്, ഉൾപ്പെട്ടിരിക്കുന്ന എല്ലാവരുടെയും സുരക്ഷയും ക്ഷേമവും പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്നു.

കാലാകാലങ്ങളിൽ, പെരുമാറ്റ നിയന്ത്രണ തന്ത്രങ്ങൾ ഇനിപറയുന്നവ ഉറപ്പാക്കാനായി ആവശ്യമായി വന്നേക്കാം:

> **നിയമവിരുദ്ധ മയക്കുമരുന്നുകൾ**
>
> ഒരു മരുന്ന് നിയമപ്രകാരം നിരോധിച്ചിട്ടുണ്ടെങ്കിൽ അത് നിയമവിരുദ്ധമെന്ന് നിർവചിക്കപ്പെടുന്നു, ഉദാ. ഹെറോയിൻ, കൊക്കെയ്ൻ, ജി.എച്ച്.ബി., മെത്താംഫെറ്റാമൈൻ, കഞ്ചാവ്.

- സുരക്ഷിതവും പോസിറ്റീവും കാര്യക്ഷമവുമായ അന്തരീക്ഷം ഉറപ്പാക്കുക
- കുട്ടികളുടെയും ചെറുപ്പക്കാരുടെയും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുക
- അലങ്കോല സ്വഭാവം നിയന്ത്രിക്കാൻ.

പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും ന്യായവും മാന്യവും പ്രായത്തിനും വികസനപരമായും അനുയോജ്യമായ തന്ത്രങ്ങൾ ഉപയോഗിക്കണം. കുട്ടിയ്ക്ക് അല്ലെങ്കിൽ ചെറുപ്രായത്തിനുള്ള വ്യക്തിക്ക് വ്യക്തമായ ദിശാബോധം നൽകുകയും അവരുടെ പെരുമാറ്റം ക്രിയാത്മകമായി വഴിതിരിച്ചുവിടാൻ അവസരം നൽകുകയും വേണം.

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം

ഒരു കുട്ടിയോ ചെറുപ്രായത്തിലുള്ള വ്യക്തിയോ വെല്ലുവിളി ഉയർത്തുന്ന രീതിയിൽ പെരുമാറുന്നത് തുടരുകയാണെങ്കിൽ, മാതാപിതാക്കളുമായോ രക്ഷിതാക്കളുമായോ ആശയവിനിമയം നടത്തുന്നതും പോസിറ്റീവ് പെരുമാറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരിച്ച് പ്രവർത്തിക്കുന്നതും അഭികാമ്യമാണ്.

ഒരു സാഹചര്യത്തിലും ശാരീരിക ശിക്ഷ അനുവദനീയമല്ല; തരംതാഴ്ത്തുന്നതായി, ക്രൂരമായതായി, ഭയപ്പെടുത്തുന്നതായി അല്ലെങ്കിൽ അപമാനിക്കുന്നതായി കണക്കാക്കാവുന്ന ഒരു തരത്തിലുള്ള ഇടപെടലുകളും ഉണ്ടാവാൻ പാടുള്ളതല്ല.

**സമ്മാനങ്ങൾ കൂടാതെ / അല്ലെങ്കിൽ പണം നൽകുന്നത്**

ഒരു മുതിർന്ന വ്യക്തി ഒരു കുട്ടിക്ക് അല്ലെങ്കിൽ ചെറുപ്പക്കാരന് ഒരു സമ്മാനം നൽകുന്നത് ലൈംഗിക ദുരുപയോഗത്തിന്റെ ആവശ്യങ്ങൾക്കായി പക്ഷപാതമോ തന്ത്രമോ ആയി കണക്കാക്കാം.

ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന ഒരു കൂട്ടം കുട്ടികൾക്കും ചെറുപ്പക്കാർക്കും സമ്മാനങ്ങൾ (തുല്യമായ മൂല്യമുള്ളത്) കൊടുക്കുന്നത് അനുവദനീയമാണ് (ഉദാ. ഈസ്റ്റർ സമയത്ത് കുട്ടികളുടെ ആരാധന (Children's Liturgy) യിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഒരു ചോക്ലേറ്റ് മുട്ട നൽകുന്നു).

സമ്മാനം നൽകുന്നത് നേരിട്ടുള്ള ഒരു സൂപ്പർവൈസറുടെ അംഗീകാരത്തോടെ, ഒരു ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പ്രവർത്തനത്തിന്റെ (ഉദാ. ഒരു നാഴികക്കല്ലിന്റെ ആഘോഷം, ഉത്സവ സന്ദർഭം) ഭാഗമാണെങ്കിൽ അത് സുരക്ഷിതമാണ്.

**സാമ്പത്തികം അല്ലെങ്കിൽ ഭൗതിക സഹായത്തിനുള്ള അഭ്യർത്ഥനകൾ കൈകാര്യം ചെയ്യൽ**

സാമ്പത്തികം അല്ലെങ്കിൽ ഭൗതിക സഹായം നൽകുന്നത് ഒരു 'വ്യക്തിഗത' പുരോഹിതൻ, ജീവനക്കാരൻ അല്ലെങ്കിൽ സന്നദ്ധപ്രവർത്തകന്റെ ഉത്തരവാദിത്തമായിരിക്കരുത്. പണം നൽകുന്നത് അല്ലെങ്കിൽ സമ്മാനങ്ങൾ വാങ്ങുന്നത് അവിഹിതമായ സ്വാധീന പെരുമാറ്റമായി കണക്കാക്കാം.

ഒരു കുട്ടി അല്ലെങ്കിൽ യുവാവിന് സാമ്പത്തിക അല്ലെങ്കിൽ ഭൗതിക സഹായം ആവശ്യമാണെങ്കിൽ, ആ അഭ്യർത്ഥ സംബന്ധിച്ച ഇടവകയുടെ, ഏജൻസിയുടെ അല്ലെങ്കിൽ എന്റിറ്റിയുടെ ഉചിതമായ മറുപടി നല്കുന്നതിനായി, പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർ ഇടവകയ്ക്കുള്ളിലെ പ്രസക്തമായ വ്യക്തികളുമായി (അല്ലെങ്കിൽ ഒരു അടിയന്തര സൂപ്പർവൈസർ) അതിനെ കുറിച്ച് ചർച്ച ചെയ്യണം.

**ഭാഷയും ശബ്ദത്തിന്റെ ഭാവവും**

കുട്ടികളുമായും യുവാക്കളുമായും ആശയവിനിമയം നടത്താൻ ഉചിതമായ ഭാഷയും സ്വരവും ഉപയോഗിക്കുന്നത് പ്രധാനമാണ്. ഇതിന് കുട്ടികളെയും ചെറുപ്പക്കാരെയും ദൃഢീകരിക്കാനും പിന്തുണയ്ക്കാനും പ്രോത്സാഹിപ്പിക്കാനും അവരുടെ ആത്മവിശ്വാസം വളർത്താനും കഴിയും.

മനഃപൂർവ്വം അല്ലെങ്കിൽ മനഃപൂർവ്വമല്ലാതെയോ, പുരോഹിതന്മാർക്കും ജീവനക്കാർക്കും സന്നദ്ധപ്രവർത്തകർക്കും കുട്ടികളെയും ചെറുപ്പക്കാരെയും, നിരുത്സാഹപ്പെടുത്തുന്ന,

ഭയപ്പെടുത്തുന്ന, ഭീഷണിപ്പെടുത്തുന്ന, അപമാനിക്കുന്ന ഭാഷ ഉപയോഗിക്കാൻ കഴിയും. അതുപോലെ, മുതിർന്നവർ ഉപയോഗിക്കുന്ന ശബ്ദത്തിന്റെ ഭാവം ഒരു കുട്ടിയുടെയോ ചെറുപ്രായത്തിലുള്ള വ്യക്തിയുടെയോ ആത്മവിശ്വാസത്തെയും സുരക്ഷയെയും ബാധിക്കും.

പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർ:

- ക്രിയാത്മകവും ആകർഷകവുമായ ഭാഷ ഉപയോഗിക്കുക, ഭീഷണിപ്പെടുത്തുന്നതും ഭയപ്പെടുത്തുന്നതുമായ ഭാഷ ഒഴിവാക്കുക.
- സന്ദർഭത്തിന് അനുയോജ്യമായ ശബ്ദത്തിന്റെ ഭാവം ഉപയോഗിക്കുക. ഉദാഹരണത്തിന്, ഒരു കായിക പ്രവർത്തനത്തിനിടയിൽ പ്രോത്സാഹന വാക്കുകൾ ഉച്ചരിക്കുന്നത് ഉചിതമായിരിക്കും, എന്നിരുന്നാലും വൈകി എത്തിയ കുട്ടിയോട് ആക്രോശിക്കുന്നത് ഉചിതമല്ല.
- വിവേചനപരമോ വംശീയമോ ലൈംഗികമോ ആയ ഭാഷ അല്ലെങ്കിൽ പെരുമാറ്റം ഒഴിവാക്കുക.
- തെറി പറയൽ ഉൾപ്പെടെയുള്ള അപകീർത്തികരമായ, നിന്ദ്യമായ അല്ലെങ്കിൽ നെഗറ്റീവായ ഭാഷ ഒഴിവാക്കുക.
- ഒരു കുട്ടിയെക്കുറിച്ചോ ചെറുപ്രായത്തിലുള്ള വ്യക്തിയെ കുറിച്ചോ അനുചിതമായ അഭിപ്രായങ്ങൾ ഒഴിവാക്കുക (ഉദാ. കുട്ടിയുടെ ഭാരം, ബുദ്ധി, കുടുംബ സാഹചര്യം, ലൈംഗിക ആഭിമുഖ്യം എന്നിവയെക്കുറിച്ച് ഒരു അഭിപ്രായം പറയുന്നത്).
- അശ്ലീലദ്യോതകമായ നർമ്മം, തമാശകൾ, കുത്തുവാക്ക് എന്നിവയുൾപ്പെടെ ലൈംഗിക സ്വഭാവമുള്ള ഭാഷ ഒഴിവാക്കുക.
- ദൈവദൂഷണം ഒഴിവാക്കുക (ഉദാ. ആണയിടുന്നത്).

### കുട്ടികളുടെയോ ചെറുപ്പക്കാരുടെയോ ഫോട്ടോഗ്രാഫുകൾ/വീഡിയോകൾ

കുട്ടികളുടെയും ചെറുപ്പക്കാരുടെയും ഫോട്ടോഗ്രാഫുകളോ വീഡിയോകളോ എടുക്കുന്നത് ഒരു ഇടവക, എന്റിറ്റി അല്ലെങ്കിൽ ഏജൻസി ആവശ്യങ്ങൾക്കായിട്ടാണെന്ന് ഉറപ്പാക്കേണ്ടത് പ്രധാനമാണ്. ഒരു സമ്മത പ്രക്രിയയുടെ ഭാഗമായി, ഫോട്ടോഗ്രാഫുകളോ വീഡിയോയോ എങ്ങനെ ഉപയോഗിക്കാമെന്നതിനെക്കുറിച്ചും (ഉദാ. വെബ്സൈറ്റ്, നോട്ടീസ്ബോർഡ്, വാർത്താക്കുറിപ്പ്) അവ എവിടെ പ്രസിദ്ധീകരിക്കാൻ സാധ്യതയുണ്ട് എന്നതിനെക്കുറിച്ചും മാതാപിതാക്കളെയോ രക്ഷിതാക്കളെയോ അറിയിക്കേണ്ടതാണ്.

ഫോട്ടോഗ്രാഫുകളോ വീഡിയോകളോ എടുക്കുമ്പോൾ, പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർ:

- കുട്ടിയോ ചെറുപ്പക്കാരോ പങ്കെടുക്കേണ്ടതില്ല എന്ന മാതാപിതാക്കളുടെ അല്ലെങ്കിൽ പരിപാലകന്റെ തീരുമാനത്തെ എല്ലായ്പ്പോഴും മാനിക്കുക. അനുമതി നൽകാതിരിക്കാൻ സാധുതയുള്ളതും നിർബന്ധിക്കപ്പെടുന്നതുമായ കാരണങ്ങളുണ്ട് (ഉദാ. കുട്ടികളുടെ കസ്റ്റഡി, കുടുംബ അതിക്രമങ്ങൾ കൂടാതെ/അല്ലെങ്കിൽ കുട്ടികളുടെ സംരക്ഷണ കാര്യങ്ങൾ ഒരു കുട്ടിയെയോ യുവാവിനെയോ അവരുടെ സുരക്ഷ സംരക്ഷിക്കുന്നതിനായി ഫോട്ടോ എടുക്കുന്നതിൽ നിന്ന് തടഞ്ഞേക്കാം).

- കുട്ടികൾക്കും ചെറുപ്പക്കാർക്കും ഉചിതമായ ഇടങ്ങളിൽ ഫോട്ടോഗ്രാഫിയിലോ വീഡിയോയിലോ പങ്കെടുക്കാൻ സമ്മതം നൽകാൻ അവസരം നൽകുക.
- ഫോട്ടോഗ്രാഫുകളും വീഡിയോയും ഒറ്റയ്ക്കോ രഹസ്യമായോ അല്ലാതെ, മറ്റുള്ളവരുടെ സാന്നിധ്യത്തിൽ (അതായത് മേൽനോട്ടത്തോടെ) എടുക്കുക.
- കുട്ടികളും ചെറുപ്പക്കാരും ഉചിതമായ വസ്ത്രം ധരിക്കുകയും പോസ് ചെയ്യുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കുക.
- ഫോട്ടോഗ്രാഫിന്റെയോ വീഡിയോയുടെയോ ഉള്ളടക്കം കുറ്റകരമല്ലെന്ന് ഉറപ്പാക്കുക (ഉദാ. ലൈംഗിക, വംശീയ, അക്രമാസക്തമായ, ഭീഷണിപ്പെടുത്തുന്ന).
- വ്യക്തിഗത ഉപയോഗത്തിനായി ഫോട്ടോഗ്രാഫുകളോ വീഡിയോയോ ശേഖരിക്കുകയോ സൂക്ഷിക്കുകയോ ചെയ്യരുത്. ഉദാഹരണത്തിന്, കുട്ടികളുടെ ഗായകസംഘത്തിന്റെ വീഡിയോ ഡൗൺലോഡ് ചെയ്ത് ഉചിതമായ ഇടവകയിലേക്കോ ഏജൻസിയിലോ എന്റിറ്റി സ്റ്റോറേജ് ഉപകരണത്തിലേക്കോ കമ്പ്യൂട്ടർ ഡ്രൈവിലേക്കോ പ്രാക്ടീസ് ചെയ്യാവുന്നത്ര വേഗം കൈമാറുകയും വ്യക്തിഗത ഉപകരണങ്ങളിൽ നിന്ന് ഇല്ലാതാക്കുകയും ചെയ്യണം.

ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി:

- പബ്ലിക് അസോസിയേഷനിലൂടെ കുട്ടിയെയോ ചെറുപ്രായത്തിലുള്ള വ്യക്തിയെയോ ദുഷ്പേരു വരുത്തുവാനുള്ള സാധ്യത പരിഗണിക്കണം. ഉദാഹരണത്തിന്, ഭക്ഷണ പാർസൽ ശേഖരിക്കുന്നതിൽ പ്രയാസമുള്ള കുട്ടിയുടെ ഫോട്ടോ പോസ്റ്റ് ചെയ്യുന്നത് പരിഹാസത്തിനോ ഭീഷണിക്കോ ഇടയാക്കിയേക്കാം.
- കുട്ടിയെ കണ്ടെത്തുന്നത് തടയാൻ ഐഡന്റിറ്റി വിവരങ്ങൾ പരിമിതപ്പെടുത്തുക. ഉദാഹരണത്തിന്, ഒരു ഫോട്ടോ അടിക്കുറിപ്പിലേക്ക് പേരുകൾ ചേർക്കാതിരിക്കുക.

ഫോട്ടോഗ്രാഫുകളും വീഡിയോയും എടുക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുമ്പോൾ കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കുന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് കുട്ടികളുടെയും യുവാക്കളുടെയും ഫോട്ടോഗ്രാഫിയും വീഡിയോയും എന്ന വിവര ഷീറ്റ് (**INFORMATION SHEET: Photography and Video of Children and Young People**) കാണുക.

### സാമൂഹ്യ മാധ്യമം ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ആശയവിനിമയത്തിന്റെ ഉപയോഗം

ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി കുട്ടികൾ, ചെറുപ്പക്കാർ എന്നിവരുമായി ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി ആവശ്യങ്ങൾക്കായി ആശയവിനിമയം നടത്താൻ ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പുരോഹിതന്മാർ, ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർ ഏതെങ്കിലും 'സ്വകാര്യ' ആശയവിനിമയ ചാനലുകൾ ഉപയോഗിക്കരുത് (ഉദാ. വ്യക്തിഗത ഇമെയിൽ അക്കൗണ്ട്, സ്വകാര്യ സാമൂഹ്യ മാധ്യമ അക്കൗണ്ട്)

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം

അവർ ഇനിപ്പറയുന്ന പ്രകാരം ചെയ്യണം:

- ലഭ്യമെങ്കിൽ ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി ഉപകരണങ്ങൾ ഉപയോഗിച്ച് ആശയവിനിമയം നടത്തുക (ഉദാ. ജോലിക്കുള്ള മൊബൈൽ ഫോൺ)
- ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി ഇമെയിലുകൾ സജ്ജമാക്കുക അല്ലെങ്കിൽ ഉപയോഗിക്കുക (ഉദാ *ഇടവകയുടെ പേര്*@cam.org.au)
- രക്ഷകർത്താക്കൾക്കും രക്ഷിതാക്കൾക്കും (ഒപ്പം മറ്റ് പ്രസക്തമായ കക്ഷികളും ഉദാ. പ്രോഗ്രാം കോർഡിനേറ്റർ) പകർപ്പ് വയ്ക്കുക
- ഒരു വ്യക്തിക്ക് അയക്കുന്നതിനേക്കാൾ ഗ്രൂപ്പിലേക്ക് ആശയവിനിമയം നടത്തുക
- സാമൂഹ്യ മാധ്യമ പ്ലാറ്റ്ഫോമുകളിൽ സജ്ജമാക്കിയിരിക്കുന്ന നിർദ്ദിഷ്ട 'ഗ്രൂപ്പ്' പേജുകളിലൂടെ ആശയവിനിമയം നടത്തുക (ഒപ്പം ഈ ഗ്രൂപ്പിലെ മാതാപിതാക്കളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തുക
- പ്രവർത്തനം അല്ലെങ്കിൽ പ്രോഗ്രാം ചെയ്യുന്നതുമായി നേരിട്ട് ബന്ധപ്പെട്ട മേഖലകളിലേക്ക് ആശയവിനിമയം ക്ലിപ്തപ്പെടുത്തുക
- സേവനവുമായി ബന്ധപ്പെട്ട സന്ദേശം മര്യാദയോടെയും സൗഹാർദ്ദപരമായും വ്യക്തിഗത ഉള്ളടക്കം പരിമിതപ്പെടുത്തുക
- ലൈംഗിക സ്വഭാവം, അവഹേളനം, വിവേചനം, ഭീഷണിപ്പെടുത്തൽ, നിയമവിരുദ്ധമായ അല്ലെങ്കിൽ യുക്തിഭദ്രതയുള്ള നിരീക്ഷകന് അശ്ലീലമെന്ന് തോന്നുന്ന പാഠങ്ങൾ, ഫോട്ടോഗ്രാഫുകൾ, വീഡിയോ, വെബ്സൈറ്റ് ലിങ്കുകൾ അല്ലെങ്കിൽ തമാശകൾ എന്നിവയുൾപ്പെടെയുള്ള ആശയവിനിമയം ഒഴിവാക്കുക.
- ആശയവിനിമയത്തിന്റെ ഒരു രേഖ സേവ് ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യുക
- ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പ്രോഗ്രാമുകൾ, പ്രവർത്തനങ്ങൾ അല്ലെങ്കിൽ ഇവന്റുകൾ എന്നിവയുടെ ആവശ്യങ്ങൾക്കായിട്ടുള്ള ആശയവിനിമയവും മുൻപേ തന്നെ ഉണ്ടായിരുന്ന ഒരു സാമൂഹിക ബന്ധവും (ഉദാ. ബന്ധുക്കൾ, സുഹൃത്ത്) തമ്മിലുള്ള വ്യക്തമായ വ്യത്യാസം ഉണ്ടായിരിക്കണം.

അവർ ചുവടെ പറയുന്ന കാര്യങ്ങൾ ചെയ്യരുത്:

- ഏത് സാഹചര്യത്തിലും ഒരു കുട്ടിയോടോ ചെറുപ്രായത്തിലുള്ള വ്യക്തിയോടെ ഏതെങ്കിലും ആശയവിനിമയം രഹസ്യമായി സൂക്ഷിക്കാൻ ആവശ്യപ്പെടുക
- പ്രോഗ്രാമിന്റെ അല്ലെങ്കിൽ പ്രവർത്തനത്തിന്റെ അതിരുകൾക്ക് പുറത്ത്, ഒരു കുട്ടിയുമായോ ചെറുപ്രായത്തിലുള്ള വ്യക്തിയുമായോ 'രഹസ്യ' സമ്പർക്കം ക്രമീകരിക്കുന്നതിന് ആശയവിനിമയം ഉപയോഗിക്കുക
- ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി അംഗീകാരമില്ലാത്ത സ്വകാര്യ ഓൺലൈൻ സൈറ്റുകൾ (ഉദാ. ചാറ്റ് റൂമുകൾ, ഗെയിം സൈറ്റുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും ചാനൽ വഴി) ആശയവിനിമയം നടത്താൻ കുട്ടികളെയും ചെറുപ്പക്കാരെയും പ്രോത്സാഹിപ്പിക്കുക.

- ഒരു കുട്ടിയെയോ യുവാവിനെയോ തിരിച്ചറിയുന്നതിനോ ബന്ധപ്പെടുന്നതിനോ ഒരു മൂന്നാം കക്ഷിക്ക് ഉപയോഗിക്കാനാവുന്ന വിവരങ്ങൾ ഉൾപ്പെടുത്തുക (ഉദാ. ഒരു പോസ്റ്റിൽ ചെറുപ്പക്കാരനായ വ്യക്തിയുടെ മൊബൈൽ ഫോൺ നമ്പർ ചേർക്കരുത്).

കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന കുറ്റവാളികൾ, കുട്ടികളെയും യുവാക്കളെയും ഇലക്ട്രോണിക് ആശയവിനിമയം വഴി "ചങ്ങാത്തം" ചെയ്യുന്നതിനും ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പ്രോഗ്രാം, പ്രവർത്തനം അല്ലെങ്കിൽ ഇവന്റ് എന്നിവയുടെ മേൽനോട്ട ഘടനകളുടെ "പുറത്ത്" ബന്ധപ്പെടുന്നതിനും അവർ ശ്രമിച്ചേക്കാം എന്നത് ശ്രദ്ധിക്കേണ്ടതാണ്.

കുട്ടികളുമായും ചെറുപ്രായത്തിലുള്ള വ്യക്തികളുമായുള്ള ഇലക്ട്രോണിക് ആശയവിനിമയത്തിന്റെ ഉപയോഗത്തെക്കുറിച്ചുള്ള ഉപയോഗപ്രദമായ വിവരങ്ങൾക്ക് **വിവര ഷീറ്റ്: സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ (INFORMATION SHEET: Electronic Communication Including Social Media)** കാണുക.

**ക്രിമിനൽ പ്രതിചേർക്കൽ അല്ലെങ്കിൽ ശിക്ഷകൾ**

വെളിപ്പെടുത്തൽ മെൽബണിലെ കത്തോലിക്കാ അതിരൂപതയിലെ (Catholic Archdiocese of Melbourne) പുരോഹിതൻ, ജീവനക്കാരൻ അല്ലെങ്കിൽ സന്നദ്ധപ്രവർത്തകർ, ഒരു വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക് (Working with Children Check) കൂടാതെ / അല്ലെങ്കിൽ ഒരു ക്രിമിനൽ ഹിസ്റ്ററി റെക്കോർഡ് പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടെങ്കിൽ ചുവടെ പറയുന്ന വ്യക്തികളെ അറിയിക്കണം:

- അവരുടെ "മാനേജർ" ഉദാ. ഇടവക വികാരി, അവർ ഒരു ജോലിക്കാരനോ സന്നദ്ധപ്രവർത്തകനോ ആണെങ്കിൽ
- അവർ പുരോഹിതന്മാരാണെങ്കിൽ, വികാരി ജനറൽ
- അവരുടെ ശുശ്രൂഷയുമായി അല്ലെങ്കിൽ അതിരൂപതയിലെ ജോലിയുമായി ബന്ധപ്പെട്ട് ക്രിമിനൽ കുറ്റത്തിന് അവർക്കെതിരെ കുറ്റം ചുമത്തപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്താൽ.

## കുട്ടികളെയും ചെറുപ്പക്കാരെയും  സംരക്ഷിക്കൽ പെരുമാറ്റച്ചട്ട പ്രഖ്യാപനം

**മെൽബൺ കത്തോലിക്കാ അതിരൂപത (Catholic Archdiocese of Melbourne) യിലെ ഒരു ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയുമായുള്ള ഒരു വ്യക്തിയുടെ ഇടപാടുകൾക്ക് ശിശു  സുരക്ഷാ പെരുമാറ്റച്ചട്ടം പ്രഖ്യാപനം (Child Safety Code of Conduct Declaration) പൂർത്തീകരിക്കേണ്ടത് നിർബന്ധമാണ്.**

**ഈ പ്രഖ്യാപനം സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നത്  ഗുരുതരമായ കാര്യമാണ്, അത് അച്ചടക്ക നടപടിക്ക് കാരണമായേക്കാം.**

കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കുന്നതിനുള്ള ചുമതല ഏറ്റെടുക്കുന്നതിനും എല്ലാത്തരം ദുരുപയോഗങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കുന്നതിനും ന്യായമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും അതിരൂപതാ പുരോഹിതന്മാരും ജീവനക്കാരും

സന്നദ്ധപ്രവർത്തകരും പ്രതിജ്ഞാബദ്ധരാണ്. മെൽബൺ കത്തോലിക്കാ അതിരൂപതയിൽ (Catholic Archdiocese of Melbourne), പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും ചുവടെ പറയുന്ന കാര്യങ്ങൾ ചെയ്ത് കുട്ടികളുടെയും ചെറുപ്പക്കാരുടെയും ആരോഗ്യവും ക്ഷേമവും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ്:

**കുട്ടികളെയും ചെറുപ്പക്കാരെയും ദുരുപയോഗത്തിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നും സുരക്ഷിതമായി സൂക്ഷിക്കുക**

- വൈകാരികവും ശാരീരികവും ലൈംഗികവുമായ ദുരുപയോഗം അല്ലെങ്കിൽ അവഗണന ഉൾപ്പെടെയുള്ള ഏതുതരത്തിലുള്ള കുട്ടികളെ ദുരുപയോഗം ചെയ്യലിൽ അല്ലെങ്കിൽ ദ്രോഹിക്കലിലും ഏർപ്പെടരുത്.
- ഏതെങ്കിലും തരത്തിലുള്ള ശാരീരികമായ ശിക്ഷയോ അപമാനകരമോ ക്രൂരമോ ഭയപ്പെടുത്തുന്നതോ അപമാനിക്കുന്നതോ ആയ ഇടപെടലോ ഒഴിവാക്കുക.
- ശാരീരിക സമ്പർക്കം ഔചിത്യപൂർവ്വവും അതിക്രമിച്ചുള്ളതല്ലെന്നും ലൈംഗികസ്വഭാവമുള്ളതല്ലെന്നും ഉറപ്പാക്കുക.
- കുട്ടികളുമായും ചെറുപ്പക്കാരുമായും പക്ഷപാതപരമായത് കൂടാതെ/അല്ലെങ്കിൽ പ്രലോഭിപ്പിക്കൽ എന്നിവയായി വ്യാഖ്യാനിക്കപ്പെടാവുന്ന തരത്തിലുള്ള ബന്ധം വളർത്തിയെടുക്കുന്നത് ഒഴിവാക്കുക
- കുട്ടികളുമായും ചെറുപ്പക്കാരുമായും ആശയവിനിമയം നടത്തുമ്പോൾ മാന്യമായ ഭാഷയും ശൈലിയും ഉപയോഗിക്കുക, കുട്ടികളെയും ചെറുപ്പക്കാരുമായും ദ്രോഹിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതും ഭയപ്പെടുത്തുന്നതും അപമാനിക്കുന്നതുമായ ഭാഷ ഒഴിവാക്കുക.
- ലൈംഗികവും വിവേചനപരവും വംശീയവുമായ സ്വഭാവമുള്ള, നർമ്മം, തമാശകൾ അല്ലെങ്കിൽ കുത്തുവാക്ക് എന്നിവ ഉൾപ്പെടെയുള്ള ഭാഷ ഒഴിവാക്കുക.

**ശാരീരികമായും മാനസികമായും സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുക**

- ഒരു മുതിർന്നയാൾ ഒരിക്കലും ഒരു കുട്ടിയുമായോ ചെറുപ്പക്കാരുമോയോ ഒറ്റയ്ക്കല്ലെന്നും അവർ ഒരു കുട്ടിയുമായോ ചെറുപ്പക്കാരനുമായോ ചെറുപ്പക്കാരിയുമായോ അവർ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള സാഹചര്യത്തിൽ സമ്പർക്കം പുലർത്താൻ ശ്രമിക്കുന്നില്ലെന്നും ഉറപ്പാക്കുക
- നിങ്ങളുടെ പരിപാലനത്തിലുള്ള കുട്ടികളും ചെറുപ്പക്കാരും എല്ലായ്പ്പോഴും ഉചിതമായ മേൽനോട്ടത്തിന് കീഴിലാണെന്ന് ഉറപ്പാക്കുക.
- കുട്ടികളുടെയും ചെറുപ്പക്കാരുടെയും പെരുമാറ്റത്തെ ക്രിയാത്മകമായി നയിക്കാൻ ന്യായവും, മാന്യവും വികസനപരമായി ഉചിതവുമായ തന്ത്രങ്ങൾ ഉപയോഗിക്കുക.
- ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ കുട്ടികളുടെയും യുവജനങ്ങളുടെയും ഫോട്ടോഗ്രാഫുകളോ വീഡിയോയോ എടുക്കുന്നത് മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ സമ്മതത്തോടെയാണെന്ന് ഉറപ്പാക്കുക.
- സാമൂഹ്യ മാധ്യമങ്ങളും ഡിജിറ്റൽ ആശയവിനിമയവും ഉപയോഗിക്കുന്നത് കുട്ടികളെയും ചെറുപ്പക്കാരെയും ചൂഷണം ചെയ്യാത്തതും അപകടസാദ്ധ്യതയിലാക്കാത്തതുമായ രീതിയിൽ ആയിരിക്കണം.

- കുട്ടികളെയും യുവാക്കളെയും പ്രതികൂലമായി ബാധിക്കുന്ന ശാരീരികമോ പാരിസ്ഥിതികമോ ആയ അപകടസാധ്യതകൾ നീക്കംചെയ്യാനായി കൂടാതെ/അല്ലെങ്കിൽ കുറയ്ക്കാനുമായി പ്രവർത്തിക്കുക
- കുട്ടികളുടെയും ചെറുപ്പക്കാരുടെയും പരിചരണത്തിൽ ഏർപ്പെടുന്നതിനു മുമ്പ് മദ്യമോ നിയമവിരുദ്ധമോ ആയ മരുന്നുകളോ ഉപയോഗിക്കരുത്.
- കുട്ടികൾക്കും ചെറുപ്പക്കാർക്കും മദ്യവും മയക്കുമരുന്നും വിതരണം ചെയ്യരുത് .
- ക്രിമിനൽ കുറ്റത്തിന് കുറ്റം ചുമത്തപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്താൽ ഉടൻ തന്നെ മാനേജ്മെന്റിനെ അറിയിക്കുക (ഒരു CAM ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയുമായുള്ള നിങ്ങളുടെ ഇടപെടലുമായി ബന്ധപ്പെട്ട് ഒരു ക്രിമിനൽ ചരിത്ര റെക്കോർഡ് പരിശോധനയ്ക്ക് വിധേയമാണെങ്കിൽ).

### സാംസ്കാരിക സുരക്ഷയെയും പങ്കാളിത്തത്തെയും പിന്തുണയ്ക്കുന്നു

- കുട്ടികളുടെയും ചെറുപ്പക്കാരുടെയും സുരക്ഷ, പങ്കാളിത്തം, ശാക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുക.
- ഭിന്നശേഷിയുള്ള; സാംസ്കാരികമായും ഭാഷാപരമായും വൈവിദ്ധ്യമുള്ള പശ്ചാത്തലങ്ങളിൽ നിന്നുള്ള; സ്വവർഗാനുരാഗികൾ, ഇന്റർസെക്സ്, ലിംഗ വൈവിധ്യമാർന്ന കുട്ടികളെയും ചെറുപ്പക്കാരെയും; ആദിമനിവാസികളും ടോറസ് സ്ട്രെയിറ്റ് ദ്വീപുകാരായ കുട്ടികളെയും ഉൾപ്പെടുത്തുന്നതിനെ പിന്തുണയ്ക്കുക.

### മാന്യമായ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുന്നു

- കുട്ടികളുമായും ചെറുപ്പക്കാരുമായും അവരുടെ അവകാശങ്ങളും അന്തസ്സും ഉയർത്തിപ്പിടിക്കുന്ന നല്ലതും ആദരവുള്ളതുമായ ഇടപെടലുകളിൽ ഏർപ്പെടുക.
- കുട്ടികളുടെയും ചെറുപ്പക്കാരുടെയും കാഴ്ചപ്പാടുകൾ ശ്രദ്ധിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.

### കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കാൻ നടപടിയെടുക്കുന്നു

- കുട്ടികളുടെയും ചെറുപ്പക്കാരുടെയും സുരക്ഷയുമായി ബന്ധപ്പെട്ട് അവരുടെ ആശങ്കകൾ ശ്രദ്ധിക്കുകയും അവരെ പിന്തുണയ്ക്കുന്ന വിധം പ്രതികരിക്കുകയും ചെയ്യുക.
- ഈ നയത്തിന്റെ ആവശ്യകതകൾക്ക് അനുസൃതമായി ഏതെങ്കിലും കുട്ടികളുടെ സുരക്ഷാ വിഷയങ്ങൾ, റിപ്പോർട്ടുകൾ അല്ലെങ്കിൽ വെളിപ്പെടുത്തലുകൾ പ്രസക്തമായ നിയമപരമായ ശിശു സംരക്ഷണ അധികാരികളെ ഉദാ. ചൈൽഡ് പ്രൊട്ടക്ഷൻ (ഡി.എച്ച്.എച്ച്.എസ്) (Child Protection (DHHS)), വിക്ടോറിയ പോലീസ്, കൂടാതെ പ്രൊഫഷണൽ സ്റ്റാന്റേർഡ്സ് യൂണിറ്റ് (Professional Standards Unit) എന്നിവരെ അറിയിക്കുക.

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം

മെൽബൺ കത്തോലിക്കാ അതിരൂപത (Catholic Archdiocese of Melbourne) യിലെ കുട്ടികളുമായും ചെറുപ്പക്കാരുമായും ഇടപഴകുമ്പോഴുള്ള ശിശു സുരക്ഷാ പെരുമാറ്റച്ചട്ടം (Child Safety Code of Conduct) ഞാൻ വായിച്ചു, അത് പാലിക്കാമെന്ന് സമ്മതിക്കുകയും ചെയ്യുന്നു.

| സത്യവാങ്മൂലം | | |
|---|---|---|
| പേര് (ദയവായി അച്ചടിക്കുക) | ഒപ്പ് | തീയതി |
| | | / / |
| മേൽവിലാസം: | | |
| സാക്ഷിയുടെ പേര് (ദയവായി അച്ചടിക്കുക) | ഒപ്പ് | തീയതി |
| | | / / |

CATHOLIC ARCHDIOCESE OF MELBOURNE

പതിപ്പ് 2: നവംബർ 2021
പ്രൊഫഷണൽ സ്റ്റാൻന്റേ ർഡ്സ് യൂണിറ്റ്
psu@cam.org.au

*മെൽബൺ അതിരൂപത എല്ലാ കുട്ടികളുടെയും, ചെറുപ്പക്കാരുടെയും, ഹാനിയേൽക്കാവുന്ന സാഹചര്യത്തിലായിരിക്കുന്ന മുതിർന്നവരുടെയും സുരക്ഷിതത്വത്തിനും, ക്ഷേമത്തിനും അന്തസിനും പ്രതിജ്ഞാബദ്ധമാണ്.*